## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1623 16/03/2015-ൽ മറുപടിക്ക്

### കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ

| | ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളായ ബളാൽ, കള്ളാർ, പനത്തടി എന്നിവിടങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപി-ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) | ബളാൽ, കള്ളാർ, പനത്തടി ഉൾപ്പെടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 10 കോടി രൂപ ബഡ്ജറ്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബളാൽ, കള്ളാർ, പനത്തടി എന്നീ ഗ്രാമപഞ്ചായത്തുകൾ ഈ പദ്ധതിക്കായി ഫണ്ട് വകയിരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | ഈ പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ? | (സി) | ബളാൽ ഗ്രാമപഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനെതിരെ പൊതു ജനങ്ങളിൽ നിന്നുള്ള എതിർപ്പും, കള്ളാർ, പനത്തടി ഗ്രാമ പഞ്ചായത്തുകൾക്ക് സ്വന്തമായി സ്ഥലമില്ലാത്തതുമാണ് പദ്ധതി നടപ്പാക്കുന്നതിലുണ്ടാകുന്ന കാല താമസത്തിന് കാരണം. |

സെക്ഷൻ ഓഫീസർ